Draft #1 of File 28915/AC D/2/2019/AC D Approved by ASSISTANT REGISTRAR III (ACADEMIC) on 10-Feb-2020 08:02 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

B.PEd ബിരുദമില്ലാതെ കണ്ണൂർ സർവകലാശാലയിൽ നിന്നും നേടിയ Master of Physical Education (റെഗുലർ) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയിൽ ഉപരിപഠനത്തിനായി അംഗീകരിച്ചുകൊണ്ട് ഉത്തരവിറക്കുന്നു

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 807/AC D/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.02.2020

---

*പരാമർശം:*-1) യോഗ്യതാസാക്ഷ്യപത്രം ലഭിക്കുന്നതിനായി ശ്രീ.പ്രവീൺ തരിയൻ സമർപ്പിച്ച ഓൺലൈൻ അപേക്ഷ (അപേക്ഷ നമ്പർ : 42179)

2) യോഗ്യതാസാക്ഷ്യപത്രം അനുവദിച്ചു കിട്ടാനായി ശ്രീ പ്രവീൺ തരിയൻ ബഹു.രജിസ്ട്രാർ മുമ്പാകെ 30.07.2019 ന സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

കണ്ണൂർ സർവകലാശാലയുടെ Master of Physical Education (റഗുലർ) ബിരുദത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും യോഗ്യതാ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ശ്രീ. പ്രവീൺ തരിയൻ പരാമർശം (1) പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ചിരുന്നു.എന്നാൽ അടിസ്ഥാന യോഗ്യതയായ B.PEd ബിരുദമില്ലാതെയാണ് പ്രസ്തുത ബിരുദം നേടിയത് എന്ന കാരണത്താൽ ടി അപേക്ഷ നിരസിച്ചിരുന്നു. കണ്ണൂർ സർവകലാശാലയുടെ റെഗുലേഷൻ പ്രകാരം പ്രവേശനം നേടിയ പ്രസ്തുത കോഴ്സിന് മഹാത്മാഗാന്ധി സർവകലാശാലയിൽ ഉപരിപഠനത്തിനായി അംഗീകാരം അനുവദിക്കണമെന്ന്, ടി സർവകലാശാലയുടെ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പ്രസ്തുത കോഴ്സിന്റെ റെഗുലേഷൻ ഉൾപ്പെടെ, പരാമർശം (2) പ്രകാരം ശ്രീ പ്രവീൺ തരിയൻ ബഹു.രജിസ്ട്രാർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ആയതിൽ നടപടികൾ കൈകൊള്ളുന്നതിനായി ഫയൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

ഇത് പരിഗണിച്ച്കണ്ണൂർ സർവകലാശാലയുടെ റെഗുലേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യതകളോട് കൂടി അപേക്ഷകൻ കരസ്ഥമാക്കിയ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ബിരുദത്തിനു Mahatma Gandhi University Regulations for Recognition/

Equivalency of Academic Programmes - 2016 Clause 9 (i) പ്രകാരം മഹാത്മാഗാന്ധി സർവകലാശാലയിൽ ഉപരിപഠനത്തിനായി അംഗീകാരം അനുവദിച്ചുകൊണ്ട് യോഗ്യതാസാക്ഷ്യപത്രം പുറപ്പെടുവിക്കുവാൻ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 ഛേദം 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1) ശ്രീ.പ്രവീൺ തരിയൻ
2) പ്രൈവറ്റ് സെക്രട്ടറി (വി.സി/ പി.വി.സി)
3) രജിസ്ട്രാർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
4) ജെ.ആർ 2 (ഭ.വി)
5) എ.ആർ./ ഡി.ആർ (അക്കാഡമിക് വിഭാഗം)
6) എ.സി.സി സെക്ഷൻ
7) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8) ഐ.ക്യു.എ.സി
9) കരുതൽ ഫയൽ/ഫയൽ പകർപ്പ്

Draft #1 of File 28915/AC D/2/2019/AC D Approved by ASSISTANT REGISTRAR III (ACADEMIC) on 10-Feb-2020 08:02 AM - Page 2

മഹാത്മാഗാന്ധി സർവകലാശാല, കേരളം